# പ്രദക്ഷിണം

PRADAKSHINAM

മലങ്കരയുടെ സഭാവിചാര ശബ്ദം

സെഹിയോൻ ഓർത്തഡോക്സ്
യുവജനപ്രസ്ഥാനം
കോത്തല
ഫോൺ: 9400500135

കോത്തല സെഹിയോൻ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | ഫെബ്രുവരി 14, 2016 | പേജ് 4


# പാമ്പാടി പുണ്യവാന്റെ കുന്നംകുളംയാത്ര: സപ്തതി സ്മൃതി

## തയാറാക്കിയത്: പ്രദക്ഷിണം ടീം

**120 വയസ് പൂർണ്ണ ആയുസ് ആയി ചിത്രീകരിക്കപ്പെടാറുണ്ട്. ജനിച്ച് 120-ാം വർഷം കഴിഞ്ഞ് സ്മരിക്കപ്പെടുവാൻ ഭാഗ്യം ലഭിക്കുക തീർച്ചയായും പൂർണതയുടെ അനുഭവം തന്നെയാണ്. പ. പാമ്പാടി തിരുമേനിയുടെ 120-ാം ജന്മദിനമാണ് 2005 ഏപ്രിൽ 5. അന്ന് അദ്ദേഹത്തിന്റെ 40-ാം ഓർമദിനവുമാണ്. പാമ്പാടി തിരുമേനിയുടെ ജീവിതം പൂർണ അർത്ഥത്തിൽ വിലയിരുത്തപ്പെടുന്നതിനും സഭയ്ക്കും സമൂഹത്തിനും അദ്ദേഹത്തിൽ നിന്നു പ്രചോദനം നേടുവാനും സാധിക്കേണ്ട സന്ദർഭമാണ് ഇത്.**

തിരുമേനിയെപ്പോലെ സാധാരണ കുടുംബത്തിൽ ജനിക്കുകയും ആ കാലഘട്ടത്തിൽ സാധാരണക്കാർ നേരിടുന്ന എല്ലാ പ്രശ്നങ്ങളെയും അഭിമുഖീകരിക്കുകയും ഒപ്പം ജനങ്ങൾക്കും സഭയ്ക്കും കാലാതീതമായ ദർശനം പ്രായോഗികമായി പകർന്നു നൽകുകയും അതുവഴി തങ്ങളുടെ ജീവിതം മുഴുവൻ ലോകത്തിനുമായി സമർപ്പിക്കുകയും ചെയ്യുന്നവരെയാണു പ്രവാചകന്മാരായും സഭാപിതാക്കന്മാരായും പരിശുദ്ധന്മാരായും സഭാചരിത്രത്തിൽ കാണുന്നത്. അവർ ചിലപ്പോൾ സന്യാസത്തിന്റെ വഴിയിലൂടെ സഞ്ചരിക്കുമ്പോൾ സാധാരണജനതയുടെ ജീവിതത്തിൽ നിന്നും അകന്നുമാറുന്നുവെന്നു നമുക്കു തോന്നാം. എന്നാൽ മരണത്തിന്റെയും ഇരുട്ടിന്റെയും ശക്തിയിൽ നിന്നും ലോകത്തെ രക്ഷിക്കുന്നതിലും നിലനിർത്തുന്നതിലും ഈ ഋഷിമാരുടെ പ്രാർത്ഥനയും പ്രവർത്തനവുമാണ് പ്രധാന പങ്കു വഹിക്കുന്നതെന്നു നാം പലപ്പോഴും അറിയാറില്ല.

**പാമ്പാടി തിരുമേനിയുടെ കുന്നംകുളം യാത്രയുടെ 70-ാം വർഷമായ 2005 ൽ, മരണത്തെയും രോഗത്തെയും പരാജയപ്പെടുത്താൻ ആ മഹാത്മാവ് നടത്തിയ ധീരവും ലളിതവുമായ മാർഗത്തെ കൂടുതൽ മനസിലാക്കുന്നതിനും ഈ തലമുറയിൽ ആ സ്നേഹപ്രവാഹം എങ്ങനെ പ്രവർത്തിക്കുന്നുവെന്നു അറിയുന്നതിനുമായി പ്രദക്ഷിണം ടീമംഗങ്ങൾ കുന്നംകുളത്തേക്ക് ഒരു സ്നേഹയാത്ര നടത്തി. ആ യാത്രയിൽ കണ്ടതും കേട്ടതുമായ നിരവധി കാര്യങ്ങൾ ഞങ്ങളെ കൂടുതൽ ചിന്തിപ്പിക്കുകയും കൂടുതൽ പ്രവർത്തനങ്ങൾക്കും അന്വേഷണങ്ങൾക്കും പ്രേരിപ്പിക്കുകയും ചെയ്യുന്നു.**

കുന്നംകുളം അങ്ങാടിയിൽ പ്ലേഗു രോഗബാധയാൽ ആളുകൾ മരിച്ചു വീഴുന്നു. നാട്ടുകാരൊഴികെ മറ്റെല്ലാവരും സ്ഥലം വിടുന്നു. ഇടയന്മാരായും ഇടപാടുകാരായും മറുനാടുകളിൽ നിന്ന് എത്തിച്ചേർന്നവരെല്ലാം അവിടെ നിന്ന് ഓടി രക്ഷപ്പെടുന്നു. ഈ സമയത്തു കോട്ടയം ഭദ്രാസനത്തിന്റെ കുറിയാക്കോസ് മാർഗ്രീഗോറിയോസ് മെത്രാപ്പോലീത്ത തന്റെ ജീവനു യാതൊരു പ്രാധാന്യവും കൊടുക്കാതെ ജനതയുടെ ജീവനുവേണ്ടി, വേണ്ടി വന്നാൽ തന്റെ ജീവൻ മറുവിലയായി കൊടുക്കാൻ തയ്യാറായി അവിടെയെത്തുന്നു. തിരുമേനിയുടെ നിശ്ചയദാർഢ്യത്തിനു മുന്നിൽ മരണത്തിന്റെ ശക്തികൾ പിന്മാറി.

രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥന നടത്തുന്നതിനും നേരത്തെ മരിച്ചു പോയവരുടെ ആശ്രിതരെ ആശ്വസിപ്പിക്കുന്നതിനും പ്രാർത്ഥനയും ജാഗരണവും വഴി വിശ്വാസത്തിൽ ജനത്തെ ഉറപ്പിച്ചു നിർത്തുന്നതിനും വേണ്ടി തന്റെ മുഴുവൻ സമയവും അദ്ദേഹം വിനിയോഗിച്ചു. അതിന്റെ റിസൽട്ടാവട്ടെ അത്ഭുതകരമായിരുന്നു. തങ്ങൾക്ക് എന്തു സംഭവിക്കും എന്ന ഭയത്താൽ മരണത്തെ പ്രതീക്ഷിച്ചുകൊണ്ടിരുന്ന രോഗബാധിതരും ആശങ്കാകുലരുമായ കുന്നംകുളത്തെയും സമീപ പ്രദേശങ്ങളിലെയും ജനങ്ങൾ മുഴുവൻ അവിടെ 'അതിജീവനശേഷി' നേടി. പിന്നീട് രോഗം അവരെ ഭയപ്പെടുത്തിയില്ല ബാധിച്ചുമില്ല.


തിരുമേനിയുടെ പ്രവർത്തനങ്ങളെ അമാനുഷിക പ്രവർത്തനങ്ങളായി ചിത്രീകരിക്കുന്നവർ ധാരാളമുണ്ട്. പ്ലേഗുബാധ മാറിയതിനു ശേഷവും കുന്നംകുളത്തു തിരുമേനി എല്ലാ വർഷവും എത്തുമായിരുന്നു. ദൈവത്തിന്റെ നേരിട്ടുള്ള പ്രതിനിധിയായി ജനങ്ങൾ അദ്ദേഹത്തെ പരിഗണിച്ചു. തിരുമേനിയുടെ ഓരോ വാക്കും അക്ഷരാർത്ഥത്തിൽ അവർ പാലിച്ചു. ഭ്രാന്തന്മാരും ബുദ്ധിവൈകല്യമുള്ളവരുമെല്ലാം തിരുമേനിയുടെ വാക്കുകളാൽ സുഖപ്പെട്ട അനുഭവങ്ങൾ ധാരാളമുണ്ട്. ദൈവത്തിൽ ഉറച്ചുവിശ്വസിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവരുടെ വാക്കുകൾ ദൈവവചനമായി രൂപാന്തരപ്പെടുന്ന സംഭവങ്ങൾ ഇവിടെയും ധാരാളമായി സംഭവിച്ചു.

കുന്നംകുളം ഭദ്രാസനത്തിൽ ഇന്നു നാല്പതോളം ഇടവകകളുണ്ട്. ഈ ഇടവകകളിൽപ്പെട്ടവർക്കെല്ലാം തിരുമേനിയുടെ വ്യത്യസ്തങ്ങളായ കഥകൾ പറയാനുണ്ട്. മങ്ങാട്ടു പള്ളിയിൽ ചെന്നാൽ ഏതു വേനലിലും വറ്റാത്ത ജലവുമായി ഒരു കിണർ കാണാം. ആ ഇടവകക്കാർ നിരവധി കിണറുകൾ കുത്തി നിരാശരായവരായിരുന്നു. തിരുമേനിയുടെ വാക്കുകൾ പ്രകാരം കിണർ കുത്തിയപ്പോൾ അവിടെ നിന്നും നിലയ്ക്കാത്ത ഉറവ രൂപപ്പെട്ടു. ഇന്നത്തെ ആധുനിക വേനലുകളിലും ആ വെള്ളം വറ്റുന്നില്ല, കുന്നംകുളംകാരുടെ വിശ്വാസത്തിന്റെ ഉറവുകൾ പോലെ.

തിരുമേനിയുടെ ജീവിതത്തിനും സന്ദേശത്തിനുമുള്ള പ്രാധാന്യം അത്ഭുതങ്ങൾക്കും അഭ്യർത്ഥനകൾക്കും വഴി മാറുന്ന പ്രവണതയും പലയിടത്തും കാണുന്നുണ്ട്. തിരുശേഷിപ്പുകളോടുള്ള ബഹുമാനം വഴിതെറ്റാതിരിക്കുവാൻ നിതാന്ത ജാഗ്രത ആവശ്യമാണ്.

അത്ഭുതങ്ങളുടെ ഭാഷയിലല്ലാതെയും തിരുമേനിയുടെ പ്രവർത്തനങ്ങളെ നമുക്കു വിലയിരുത്താം. തന്റെ ചുമതലകൾ തികഞ്ഞ ദൈവാശ്രയത്തോടെ പാലിക്കുകയും തന്നിൽ വിശ്വസിച്ച ജനതയെ പ്രവൃത്തികൾ വഴിയും ശരിയായ ഉപദേശങ്ങൾ വഴിയും തന്റെ നാഥന്റെ സവിധത്തിലേക്കു നയിച്ച യഥാർത്ഥ അജപാലകൻ എന്ന നിലയിൽ. ഇന്നു സഭയുടെ നേതൃത്വത്തിലുള്ളവരെ പറ്റി ജനങ്ങളും ജനങ്ങളെപ്പറ്റി നേതാക്കളും പരാതി പറയുന്നവരാണ്. ആരുടെയും പരിഭവം തീരുന്നുമില്ല. നൂറ്റാണ്ടു കഴിഞ്ഞിട്ടും കേസുകൾ തീരുന്നില്ല. ദശാബ്ദങ്ങൾ പിന്നിട്ടിട്ടു മുടക്കുകൾ അഴിയുന്നില്ല. ഉടക്കുകൾ ഒഴിയുന്നില്ല. എല്ലാവരും പരസ്പരം പഴി പറയുന്നതു മാത്രം മിച്ചം. പാമ്പാടി തിരുമേനിയുടെ കാലത്തും കേസും വഴക്കും ഒക്കെ ഉണ്ടായിരുന്നു. എന്നാൽ ജനങ്ങളോടൊപ്പം പ്രവർത്തിക്കുകയും എല്ലാ അർത്ഥത്തിലും അവരെ നയിക്കുകയും ചെയ്തപ്പോൾ കേസിന്റെയും വഴക്കിന്റെയും ദോഷങ്ങൾ തന്റെ ഇടവകയെ ബാധിച്ചില്ല. അദ്ദേഹത്തിന്റെ ശൈലി സഭ ആകമാനം പിന്തുടർന്നിരുന്നുവെങ്കിൽ കേസും വഴക്കും പരിഹരിക്കപ്പെടുമായിരുന്നുവെന്നും വ്യക്തമാണ്. യോജിച്ച സഭയിൽ എല്ലാവരുടെയും സ്നേഹബഹുമാനങ്ങൾ സ്വീകരിച്ച് കാലം ചെയ്യുവാൻ അദ്ദേഹത്തിനു സാധിച്ചതിനു കാരണവും ഈ വിശുദ്ധിയും നിർമലതയും തന്നെയാണ്.

പാമ്പാടി തിരുമേനിയുടെ കുന്നംകുളത്തെ പ്രവർത്തനങ്ങളിൽ ആശ്ചര്യപ്പെട്ട അന്നത്തെ കൊച്ചിരാജാവ് അദ്ദേഹത്തെ കൊട്ടാരത്തിലേക്കു ക്ഷണിച്ചുവരുത്തി. രാജകുടുംബാംഗങ്ങൾ തിരുമേനിയുടെ അനുഗ്രഹത്തിനായി കാത്തുനിന്നു. അവരുടെ തലയിൽ സ്ലീബാ വച്ചു തിരുമേനി പ്രാർത്ഥിച്ചു. 'മാമുനിക്ക് സമ്മാനമായി' പട്ടിൽ പൊതിഞ്ഞ സ്വർണനാണയനിധി മഹാരാജാവ് നൽകി. ഈ പണം അവിടെയുള്ള പാവങ്ങൾക്കു പ്രയോജനകരമായി വിനിയോഗിച്ചാൽ തനിക്കു ലഭിയ്ക്കുന്നതായി പരിഗണിക്കുന്നതാണ് എന്നറിയിച്ച് തിരുമേനി ആ ഉപഹാരം തിരികെ നൽകി. പണത്തോടുള്ള ഈ മനോഭാവം ഇന്നു നമ്മുടെ സമൂഹം പഠനവിധേയമാക്കേണ്ടതാണ്. ധനശേഖരണമെന്ന ഒരേ ഒരു അജൻഡയുടെ മുൻപിലാണല്ലോ നാമെല്ലാം ഇന്നു പതറുന്നത്. തന്റെ പ്രവർത്തനങ്ങൾക്കുള്ള ധനം ആരിൽനിന്ന് എങ്ങനെ ലഭിക്കും എന്നതിനെക്കുറിച്ച് അദ്ദേഹത്തിന് അറിയാമായിരുന്നു, അഥവാ അറിയില്ലായിരുന്നു.



ചുരുക്കത്തിൽ തിരുമേനിയുടെ കുന്നംകുളത്തെ പ്രവർത്തനങ്ങളെക്കുറിച്ചു പഠിക്കുമ്പോൾ നമ്മുടെ സഭ ഇന്നു നേരിടുന്ന എല്ലാ പ്രശ്നങ്ങളുടെയും പരിഹാരം തെളിയുന്നു. നേതൃത്വവും ജനങ്ങളും ദൈവത്തിൽ ഉറച്ചുവിശ്വസിച്ചുകൊണ്ട് ഓരോരുത്തരുടെയും ചുമതലകൾ നിർവ്വഹിക്കുക - ചുമതലകളെപ്പറ്റി മനസ്സിലാക്കുവാൻ ശ്രമിക്കുമ്പോൾ നമുക്കു ബോധ്യമാകും അതൊരിക്കലും അവസാനിക്കുന്നില്ല എന്ന്.

മരണവും രോഗവും അന്ധതയും വ്യത്യസ്ത അളവുകളിൽ നമ്മുടെ ഭവനങ്ങളിലും ഇടവകകളിലും സമൂഹത്തിലും നിഴലിട്ടു നിൽക്കുന്നു. പ്ലേഗിന്റെ നടുവിലേക്ക് പാമ്പാടി തിരുമേനിയെ നയിച്ച ആ ദൈവിക സ്നേഹം നമ്മെ നമ്മുടെ സമൂഹത്തിലേക്ക് ഇറങ്ങി പ്രവർത്തിക്കുവാൻ പ്രേരിപ്പിക്കുന്നു. പക്ഷേ നാം ഒഴിവുകൾ കണ്ടെത്തുന്നു, ഒഴിഞ്ഞുമാറുന്നു. അതുകൊണ്ട് നമ്മുടെ വാക്കുകൾ കൊണ്ട് രോഗം അകലുന്നില്ല. മരണം വഴിമാറുന്നില്ല, അന്ധകാരം നീങ്ങുന്നില്ല.

**തിരുമേനിയെ വിശുദ്ധ പുരുഷനാക്കി മാറ്റിനിർത്തി അദ്ദേഹത്തിന്റെ പ്രാർത്ഥനാശക്തിയാൽ നമ്മുടെ സമ്പത്തു വർദ്ധിപ്പിക്കാമെന്നും പ്രശ്നങ്ങൾ പരിഹരിക്കാമെന്നും നാം ചിന്തിക്കുന്നു. അങ്ങനെയുള്ള ഓരോ ശ്രമവും തിരുമേനിയെ നമ്മിൽ നിന്ന് അകറ്റുവാൻ ഇടയാക്കും എന്നു നാം മനസ്സിലാക്കാൻ വൈകിയിരിക്കുന്നു.**

തിരുമേനിയുടെ കബറിടം നമുക്കു നൽകേണ്ടത് ദൈവശക്തിയിലുള്ള അചഞ്ചലമായ വിശ്വാസവും ആ ശക്തിക്കു വിധേയരായി പ്രവർത്തിക്കാനുള്ള സന്നദ്ധതയുമാണ്.

**ദൈവസന്നിധിയിലായിരിക്കുന്ന തിരുമേനിക്ക് നമ്മുടെ പ്രഖ്യാപനം വഴിയുള്ള ബഹുമതികൾ കൊടുക്കണമെന്നുള്ള മുറവിളികളല്ല നമ്മിൽ നിന്നുണ്ടാവേണ്ടത്. സ്നേഹസമ്പന്നനായ ആ പിതാവ് നല്കിയ സ്നേഹവും പരിഗണനയും സമൂഹത്തിന്റെ എല്ലാ തലങ്ങളിലേക്കും ഒഴുകിയെത്തുന്നതിനുള്ള പരിശ്രമങ്ങളാണ്.**

തിരുമേനി ജനിച്ചതും ജീവിച്ചതും സാധാരണക്കാരന്റെ ജീവിത സാഹചര്യങ്ങളിലാണ്. പ്രതികൂല സാഹചര്യങ്ങളിൽ ഉറച്ച വിശ്വാസത്തോടെ ദൈവോന്മുഖരായി സമൂഹത്തിൽ പ്രവർത്തിച്ചാൽ അത്ഭുതങ്ങൾ സംഭവിക്കുമെന്നും തിരുമേനിയുടെ ജീവിതം സാക്ഷിക്കുന്നു. തിരുമേനിയെ സ്മരിക്കുമ്പോൾ അദ്ദേഹം പ്രവർത്തിച്ച വഴികളിലൂടെ സഞ്ചരിക്കുമ്പോൾ ആ അടുപ്പം നമ്മുടെ ഹൃദയത്തിൽ വന്നു തൊടും. ആ അനുഭവം നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുകയും അത്ഭുതങ്ങൾ നമ്മിലും സമൂഹത്തിലും സംഭവിക്കുന്നതിന് ഇടയാക്കുകയും ചെയ്യും.

❑

## സ്നേഹയാത്ര ഫെബ്രുവരി 2005

## നന്ദി

അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ

അഭിവന്ദ്യ മാർ അപ്രേം മെത്രാപ്പോലീത്താ

വന്ദ്യ പി. സി. യോഹന്നാൻ റമ്പാൻ

റവ. ഫാ. പോൾ ഏബ്രഹാം ഇടത്തറ

റവ. ഫാ. ജോസഫ് ചീരൻ, തൃശൂർ

റവ. ഫാ. ഏബ്രഹാം മാത്യു, വികാരി, മങ്ങാട് പള്ളി

അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ

കിടങ്ങൻ വറുഗീസ് കുട്ടി

ജോബുക്കുട്ടി മാസ്റ്റർ

ഡോ. തോമസ് മാത്യു തഴക്കുഴിയിൽ (എം. ഡി. കോളജ്, പഴഞ്ഞി)

ജോൺസ് കുറിയാക്കോസ് കുളങ്ങര (കൊച്ചി)

ജോയ്സ് തോട്ടയ്ക്കാട്

### സ്നേഹയാത്ര ടീമംഗങ്ങൾ

റ്റി. പി. ജോർജുകുട്ടി

ഷാജി കെ. ഏബ്രഹാം

തോമസ് ലാൽ കെ.

ജയ്സൺ ജേക്കബ്

മോൻസൺ കുര്യൻ



**നമുക്ക് എത്രയും അധികം സ്നേഹിക്കപ്പെട്ടിരിക്കുന്ന പ്രദക്ഷിണം പ്രസിദ്ധീകരണത്തിന്റെ എഡിറ്റർക്ക് വാഴ്‌വ്**

പ്രിയനെ,

കാലം ചെയ്ത വന്ദ്യനായ പാമ്പാടി തിരുമേനി, കുന്നംകുളം ദേശവാസികൾക്ക് മഹാ പരിശുദ്ധനാണ്. ഇവിടത്തെ ജനങ്ങളെ സ്നേഹിക്കയും അവരുടെ ദുഃഖങ്ങളിലും രോഗങ്ങളിലും, വേദനകളിലും, ദുരിതങ്ങളിലും ചേർന്ന് നിന്ന് അവരെ ആശ്വസിച്ചിരിക്കുകയും അന്വേഷിക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന പരിശുദ്ധ പിതാവാണ് പാമ്പാടി കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനി അഥവാ പാമ്പാടി തിരുമേനി. തിരുമേനിയുടെ മദ്ധ്യസ്ഥപ്രാർത്ഥനയിൽ ഇവിടത്തെ ജനങ്ങൾ അഗാധമായി വിശ്വസിക്കുന്നു.

കുന്നംകുളം പഴഞ്ഞി പ്രദേശത്തിന്റെ സംസ്കൃതിയും സംസ്കാരവും വളരെ പ്രത്യേകതയുള്ളത്. ആഴമായി സഭയെ സ്നേഹിക്കുകയും, ശക്തമായി പ്രതികരിക്കുകയും ആത്മാർത്ഥതയോടെ ഇടപെടുകയും ചെയ്യുന്ന രീതിയാണ് ഇവിടത്തെ മിക്കവാറും ജനങ്ങൾ ശീലിച്ചിട്ടുള്ളത്. നാളികേരത്തിന്റെ ഘടനയിൽ കട്ടിയുള്ള ചിരട്ടയെന്ന പുറന്തോട് കഴിഞ്ഞാൽ മാർദ്ദവമേറിയതും മധുരം നിറഞ്ഞതുമായ കഴമ്പ് കാണുന്നതുപോലെയാണ് ഏകദേശം കുന്നംകുളത്തുകാരുടെ പൊതുസ്വഭാവം.

പരിശുദ്ധ പാമ്പാടി തിരുമേനിയുടെ നാമം ജനഹൃദയങ്ങളിൽ സജീവമായിതീരാൻ പ്രദക്ഷിണം പ്രസിദ്ധീകരണത്തിന്റെ പ്രവർത്തകർ പരിശ്രമിക്കുന്നുവെന്നറിയുന്നതിൽ ആത്മാർത്ഥമായി സന്തോഷിക്കുന്നു. തിരുമേനിയുടെ അനുഗ്രഹവും സഹായങ്ങളും നിങ്ങളോടു കൂടെയുണ്ടാകും. എനിക്ക് സംശയമില്ല.

സർവ്വവിധ ഭാവുകങ്ങളും ആശംസിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ

**പൗലോസ് മാർ മിലിത്തിയോസ്**

**മെത്രാപ്പോലിത്താ**

2005 ഫെബ്രുവരി 28-നു

ആർത്താറ്റ് അരമനയിൽനിന്നു

## പത്രാധിപവീക്ഷണം

**പുസ്തകം 16 ലക്കം 1**

**2016 ഫെബ്രുവരി 14**

പാമ്പാടി ദയറായിൽ, പാമ്പാടി തിരുമേനിയുടെ ഓർമപെരുന്നാളിലും മറ്റും കുന്നംകുളത്തുനിന്നുള്ള സഭാംഗങ്ങൾ പതിവായി പങ്കെടുക്കുന്ന കാഴ്ച, പാമ്പാടിക്കു സമീപമുള്ള കോത്തലപ്പള്ളിയിലെ യുവജനപ്രസ്ഥാനം പ്രവർത്തകരെ ആകർഷിക്കുകയും അവർ കുന്നംകുളം തീർത്ഥാടകരുമായി അനുഭവങ്ങൾ പങ്കിടുകയും ചെയ്തുവന്നു. പാമ്പാടി തിരുമേനിയുടെ കുന്നംകുളത്തെ പ്രവർത്തനങ്ങളെപ്പറ്റി അവരിൽ നിന്നും നേരിട്ടറിഞ്ഞ കോത്തലപ്പള്ളിയിലെ യുവാക്കൾ അതെപ്പറ്റി കൂടുതൽ മനസ്സിലാക്കുന്നതിനും കുന്നംകുളം അനുഭവങ്ങൾ ലഭിക്കുന്നതിനുമായി ഒരു സ്നേഹയാത്ര നടത്തുവാൻ തീരുമാനിക്കുകയും അതനുസരിച്ച് 2005 ഫെബ്രുവരിയിൽ അഞ്ചംഗങ്ങൾ അടങ്ങിയ 'പ്രദക്ഷിണം ടീം' കുന്നംകുളത്ത് എത്തി വിവിധ ദേവാലയങ്ങൾ സന്ദർശിക്കുകയും അവരുടെ സ്നേഹപൂർവ്വമുള്ള സ്വീകരണം ഏറ്റുവാങ്ങുകയുമുണ്ടായി. തിരിച്ചെത്തിയ സ്നേഹയാത്രാംഗങ്ങൾ തങ്ങളുടെ അനുഭവങ്ങൾ സെഹിയോൻ യുവജനപ്രസ്ഥാനത്തിന്റെ മുഖപത്രമായ 'പ്രദക്ഷിണ'ത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

10 വർഷങ്ങൾ മുമ്പ് ഞങ്ങളുടെ ജ്യേഷ്ഠസഹോദരന്മാർ നടത്തിയ ഈ പ്രവർത്തനം ഞങ്ങളെ ആകർഷിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്തു. ആ സാഹചര്യത്തിലാണ് ഈ ലേഖനങ്ങൾ പുനപ്രസിദ്ധീകരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിച്ചത്. പാമ്പാടി തിരുമേനിയുടെ ചരമ കനക ജൂബിലിയോടനുബന്ധിച്ച് നടത്തുന്ന കുന്നംകുളം പവിത്ര സ്മൃതിയാത്രയ്ക്കൊപ്പം ഈ പ്രസിദ്ധീകരണവും പുറത്തിറക്കുവാൻ കഴിയുന്നതിൽ ഞങ്ങൾ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

**ഫാ. പി. സി. വറുഗീസ്** (പ്രസിഡന്റ്)

സജി ടി. ജോൺ (വൈസ് പ്രസിഡന്റ്)

ആൽബിൻ ഷാജി ഏബ്രഹാം (എഡിറ്റർ)

ബിയാമോൾ വറുഗീസ്

ജസ്റ്റിൻ മാത്യു

ഈശോ പി. മാത്യു

ജോമിൻ കാഞ്ഞിരത്തുംമൂട്ടിൽ

## പത്രാധിപവീക്ഷണം

**2005 ഫെബ്രുവരി ലക്കത്തിലെ പത്രാധിപ വീക്ഷണം**

ഇന്നേയ്ക്ക് 70 വർഷങ്ങൾക്ക് മുമ്പ് (1935 ഫെബ്രുവരിയിൽ) കുന്നംകുളത്തെ ജനങ്ങൾ പകർച്ചവ്യാധിമൂലം ദുരിതത്തിലാണ് എന്നറിഞ്ഞ പാമ്പാടി തിരുമേനി, ആരും നിർബന്ധിക്കാതെ, സ്വമനസ്സാലെ, പ്രതികൂല സാഹചര്യങ്ങളെപ്പറ്റി ഒട്ടും ചിന്തിക്കാതെ, തന്റെ കുന്നംകുളം മക്കൾക്കു വേണ്ടി ജീവൻ അർപ്പിക്കുവാൻ ധീരതയോടെ ഇറങ്ങിത്തിരിച്ചു.

തിരുമേനിയുടെ സാന്നിദ്ധ്യവും പ്രാർത്ഥനയും ആ ദേശത്തിന് ചൈതന്യവും ശക്തിയും വീണ്ടെടുത്തു കൊടുത്തു. തിരുമേനിയുടെ ആ സ്നേഹദൗത്യത്തെ ആദരപൂർവ്വം അനുസ്മരിക്കുന്ന, മൺമറഞ്ഞ മാതാപിതാക്കളുടെ ആശയാഭിലാഷങ്ങൾ നിറവേറ്റുന്ന, കുന്നംകുളത്തെ ഇന്നത്തെ തലമുറ തിരുമേനിയുടെ ശ്രാദ്ധപ്പെരുന്നാളിൽ പാമ്പാടിയിൽ വന്നെത്തി വിവിധ സേവനങ്ങൾ ചെയ്യുന്നത് ഞങ്ങൾ കുഞ്ഞുനാളിൽ മുതൽ കാണുന്നു. ദൈവാത്മ പ്രേരിതമായി പകരുന്ന സ്നേഹം ഒരിക്കലും നിലയ്ക്കുകയില്ല എന്ന് ഞങ്ങൾ അനുഭവിച്ചറിഞ്ഞിരിക്കുന്നു. ആ സ്നേഹം തലമുറകളിൽ നിന്ന് അനന്തര തലമുറകളിലേയ്ക്ക് പകർന്നൊഴുകുന്നു. പാമ്പാടിയിൽ എത്തുന്ന കുന്നംകുളം മക്കളുടെ സ്നേഹവായ്പുകൾ ആ ദേശത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും കൂടുതൽ പഠിക്കുവാൻ ഞങ്ങളെ പ്രേരിപ്പിക്കുന്നു.

പാമ്പാടി തിരുമേനി പകർന്നു നല്കിയ സ്നേഹ പ്രവാഹം സഭയിൽ ആകമാനം ഒഴുകിയെത്തേണ്ട കാലഘട്ടമാണ് ഇന്നത്തേത് എന്ന് ഞങ്ങൾ തിരിച്ചറിയുന്നു. എല്ലായിടത്തും പ്രശ്നങ്ങളാണ്..... ആ പ്രശ്നങ്ങളിൽ നിന്ന് നമ്മെ മോചിപ്പിക്കുവാൻ തിരുമേനി നടത്തിയതുപോലുള്ള സ്നേഹ സന്ദർശനങ്ങൾക്കേ സാധ്യമാവൂ.

'പ്രദക്ഷിണ'ത്തിന്റെ ആഭിമുഖ്യത്തിൽ സ്നേഹയാത്ര എന്ന പഠന പരിപാടിയുമായി ഞങ്ങൾ കുന്നംകുളം സന്ദർശിച്ചു. കുന്നംകുളത്തിന്റെ ചരിത്ര സാംസ്കാരിക സവിശേഷതകൾ കണ്ടറിയുവാനും പഠിക്കുവാനും ഈ യാത്ര ഉപകരിച്ചു.

നമ്മുടെ പൈതൃകവും സംസ്കാരവും അന്യമായിക്കൊണ്ടിരിക്കുകയും അവയ്ക്ക് പുതിയ അവകാശികൾ കടന്നുവരികയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ജാഗരൂകരായി പ്രാർത്ഥനയോടെ നമുക്കൊന്നിച്ച് മുന്നോട്ട് പോകാം.

# എന്റെ കുന്നംകുളം മക്കൾ

**പ്രദക്ഷിണം ടീം**

ഇന്നേയ്ക്ക് 70 വർഷങ്ങൾക്കു മുൻപ് കൊല്ലവർഷം ആയിരത്തി ഒരുനൂറ്റി പത്തിൽ (1935) കുന്നംകുളം പ്രദേശത്തെ ആകെ നടുക്കിക്കൊണ്ട് അവിടുത്തെ അങ്ങാടികളിൽ പ്ലേഗ് രോഗം പടർന്നു പിടിച്ചു. കുന്നംകുളം പട്ടണത്തിന്റെ സവിശേഷത പല പല അങ്ങാടികളിലായി സ്ഥിതി ചെയ്യുന്ന വീടുകൾ തന്നെ. അതിനാൽ എന്തെങ്കിലും രോഗങ്ങൾ പ്രത്യേകിച്ച് സാംക്രമിക രോഗങ്ങൾ കടന്നുവന്നാൽ അത് ആളിപ്പടരാനുള്ള സാധ്യത വളരെ കൂടുതലാണ്.

യാത്രാ സൗകര്യങ്ങൾ കുറവായിരുന്ന ആ കാലഘട്ടത്തിൽ കച്ചവടത്തിനായി കാളവണ്ടികൾ ആയിരുന്നു ഉപയോഗിച്ചിരുന്നത്. പാലക്കാടിനപ്പുറം തമിഴ്നാട് പ്രദേശത്ത് അതേ സമയത്ത് പ്ലേഗ് രോഗം ബാധിച്ചിരുന്നു. പാലക്കാട്ടുനിന്നും കച്ചവടസാധനങ്ങൾ കയറ്റിവന്ന കാളവണ്ടിയിലെ ഒരു ചാക്കിൽ എങ്ങനെയോ പ്ലേഗ് രോഗം ബാധിച്ച ഒരു എലി അകപ്പെട്ടിരുന്നു. ആ ചാക്ക് ഇറക്കിവച്ച കടയിലെ ഒരു ജീവനക്കാരനാണ് ആദ്യം ഈ രോഗം ബാധിച്ചത്. രണ്ട് മൂന്ന് ദിനങ്ങൾക്കകം അയാൾ മരിച്ചു. പിന്നെ ഭീതിജനകമായ കാഴ്ചയാണ് കുന്നംകുളംകാർ കണ്ടത്. അവിടെയുമിവിടെയും എലികൾ ചത്തുവീണു; കൂടെ മനുഷ്യരും. ഉറ്റവരും ഉടയവരും നഷ്ടപ്പെട്ടവർ തങ്ങളുടെ മരണം മുന്നിൽ കണ്ട് പരിഭ്രാന്തരായി.

കുന്നംകുളത്തെ പ്ലേഗ് ബാധമൂലമുണ്ടായ കൂട്ടമരണങ്ങളുടെ വിവരണം അന്നത്തെ കാതോലിക്കയായിരുന്ന പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായെ അറിയിക്കുകയും തുടർന്നു പ്രശ്നങ്ങളുടെ ഗൗരവം മനസ്സിലാക്കി, ഉടനെ ആരുടേയും നിർബന്ധം കൂടാതെ സ്വമനസ്സാലെ കുന്നംകുളത്തേയ്ക്കു പോകുവാൻ നമ്മുടെ പാമ്പാടി തിരുമേനി തയാറായി. അദ്ദേഹത്തോട് ഏറെ സ്നേഹമുള്ളവർ വിലക്കിയെങ്കിലും തന്റെ തീരുമാനത്തിൽ തിരുമേനി ഉറച്ചുനിന്നു.

പാമ്പാടി തിരുമേനി കുന്നംകുളത്തേയ്ക്കു വരുന്ന സമയത്ത് പ്ലേഗ് രോഗം അതിന്റെ ഉച്ചസ്ഥായിലെത്തിയിരുന്നു. ജനങ്ങൾ ഏറെ പരിഭ്രാന്തരും, നിരാശരുമായിരുന്നു. കുളിരിനെ തുടർന്നുണ്ടാകുന്ന പനിയാണ് ആദ്യലക്ഷണം. തുടർന്ന് തലയിലും, മുതുകിലും, കൈകാലുകളിലും വേദന, ഛർദ്ദി, അതിസാരം എന്നിവയും വന്നുകൂടുന്നു. കഴുത്തിലും, കക്ഷത്തിലും, അരയിലും പല വലിപ്പത്തിലുള്ള ഒടിക്കുരുക്കൾ ഉണ്ടാകുന്നതിനെ തുടർന്ന് അസഹ്യമായ വേദനയുണ്ടാകും. കഴല വെച്ചാൽ പിന്നെ രക്ഷയില്ല എന്നാണ് ഈ രോഗത്തെക്കുറിച്ച് പറയുന്നത്. തിരുമേനി വരുന്നസമയത്ത് കുന്നംകുളത്തുകാരൻ ഇ. വി. കുര്യന് കഴല വെച്ചുകഴിഞ്ഞിരുന്നു.

തിരുമേനി കുന്നംകുളത്തിന്റെ അതിർത്തിയിൽ എത്തിയപ്പോൾ ആ ദേശത്തേയ്ക്കു നോക്കിക്കൊണ്ട് സ്ലീബാ ഉയർത്തി കുരിശടയാളം വരച്ച് പ്രാർത്ഥിച്ചതായും അതോടെ പട്ടണത്തിലേക്ക് ഒരു ദിവ്യശക്തി പ്രവഹിച്ചതായും ഇന്നുനാട്ടുകാർ വിശ്വസിക്കുന്നു. ആ മഹാപരിശുദ്ധൻ പട്ടണത്തിൽ പ്രവേശിച്ചപ്പോൾ പ്ലേഗിനൊപ്പം പട്ടണത്തിൽ കടന്നുകൂടിയിരുന്ന കാലൻ പട്ടണം വിട്ട് ഓടിപ്പോയി. പാമ്പാടി തിരുമേനി കുന്നംകുളത്തേയ്ക്കു പ്രവേശിച്ചതിനു ശേഷം പ്ലേഗ് രോഗം നിമിത്തം അവിടെ ആരും തന്നെ മരിച്ചില്ല. രക്ഷപെട്ടവരിൽ കഴലവെച്ചുകഴിഞ്ഞിരുന്ന ഇ. വി. കുര്യനും ഉൾപ്പെടുന്നു.

തിരുമേനി എത്തിച്ചേരുമ്പോൾ കുന്നംകുളം പഴയ പള്ളിയിലും പരിസരങ്ങളിലും ജനങ്ങൾ തടിച്ചു കൂടിയിരുന്നു. ക്രൈസ്തവർ മാത്രമല്ല അക്രൈസ്തവരും. അദ്ദേഹം പള്ളിയിൽ പ്രാർത്ഥന നടത്തിയ ശേഷം പ്രത്യാശാകിരണങ്ങൾ വർഷിക്കാൻ തുടങ്ങി. ജനങ്ങളെ ധൈര്യപ്പെടുത്തി. മൂന്നു ദിവസത്തെ നോമ്പും ഉപവാസവും പ്രഖ്യാപിച്ചു. ജനങ്ങൾ ഭക്തിപൂർവ്വം നോമ്പ് അനുഷ്ഠിച്ചു. തിരുമേനിയാകട്ടെ രോഗം ബാധിച്ചവരെ നേരിൽക്കണ്ട് പ്രാർത്ഥിച്ചു. തിരുമേനിയുടെ നേതൃത്വത്തിൽ ഒരു സംഘം ആളുകൾ അനുതാപത്തിന്റെ ഗാനങ്ങളുമാലപിച്ച് പ്രധാന അങ്ങാടികളിൽ കൂടി റാസ നടത്തി. പഴയപള്ളിയിൽ നിന്നും പുറപ്പെടുന്ന റാസ പടിഞ്ഞാറെ അങ്ങാടിയിൽക്കൂടെ വന്ന് കിഴക്കെ അങ്ങാടിയിൽ പ്രവേശിച്ച് തെക്കേ അങ്ങാടിയിലും തുടർന്ന് ചിറളയം അങ്ങാടിയിലും എത്തിച്ചേരുന്നു. റാസ കടന്നുപോകുമ്പോൾ അങ്ങാടികളിലെ പള്ളികളുടെ പ്രധാന വാതിലുകൾ തുറന്നിടുകയും, മണി അടിക്കുകയും ചെയ്യും. അന്യമതസ്ഥരും റാസയിൽ പങ്കുകൊണ്ടു.

പരിശുദ്ധ തിരുമേനി പ്രതിരോധ കുത്തിവെയ്പ് എടുക്കാതെയാണ് രോഗികളെ സന്ദർശിച്ചുകൊണ്ടിരുന്നത്. തിരുമേനിയുടെ പ്രാർത്ഥനയും പ്രവർത്തനങ്ങളും നിമിത്തം കുന്നംകുളത്തുനിന്നും പ്ലേഗ് രോഗം എന്നന്നേയ്ക്കുമായി മാറിപ്പോയി. തിരുമേനിയുടെ ആ സ്നേഹദൗത്യത്തെ ഇന്നത്തെ കുന്നംകുളം തലമുറ ആദരപൂർവ്വം സ്മരിക്കുന്നു.

**കുന്നംകുളം - പാമ്പാടി തീർത്ഥാടക സംഘത്തിലെ ശ്രീ. ജോബുക്കുട്ടി മാസ്റ്റർ മനസ്സു തുറക്കുന്നു:**

1952 മുതൽ പരിശുദ്ധ ഗീവർഗീസ് II ബാവായോ, പാമ്പാടി തിരുമേനിയോ, 50 നോമ്പിനും ക്രിസ്മസിനും കുന്നംകുളം കുളത്തേയ്ക്കു വരാറുണ്ടായിരുന്നു. കാൽ കഴുകൽ ശുശ്രൂഷ ഇവരിൽ ഒരാളാവും മിക്കവാറും നടത്തുക. പാമ്പാടി തിരുമേനി പള്ളിയിൽ എത്തി എന്നറിഞ്ഞാൽ അക്കാലത്ത് എല്ലാ ജനങ്ങളും പള്ളിയിലെത്തും. എല്ലാവരും തിരുമേനിയെ കാണുന്ന മാത്രയിൽ തന്നെ സംതൃപ്തരായിരിക്കും, നിശ്ചയം. കുന്നംകുളത്തെ ജനങ്ങൾ കാഴ്ചയായി പലഹാരങ്ങളും പഴങ്ങളും തിരുമേനിയ്ക്ക് നൽകിയിരുന്നു. തിരുമേനിയാകട്ടെ അതൊക്കെയും എല്ലാവർക്കുമായി സന്തോഷത്തോടെ വീതിച്ചു നൽകിയിരുന്നു. ഭയഭക്തി ബഹുമാനത്തോടെ പാമ്പാടി തിരുമേനിയെ കുന്നംകുളത്തുകാർ ആദരിച്ചിരുന്നു..... ഇന്നും ആദരിച്ചുപോരുന്നു.

1954-ൽ കുന്നംകുളത്തുകാർ നടത്തിയ ക്രിസ്മസ് കരോൾ സർവീസ് ജോബുകുട്ടി മാസ്റ്റർ ഓർക്കുന്നു. കരോൾ സർവീസിൽ നിന്നും ലഭിക്കുന്ന വരുമാനം പാവപ്പെട്ടവർക്ക് മുണ്ട് വാങ്ങി നൽകാനായിരുന്നു പള്ളിക്കാരുടെ തീരുമാനം. കരോൾ സർവീസുകാർ ആദ്യമെത്തിയത് തിരുമേനിയുടെ സമീപത്തായിരുന്നു. തിരുമേനി അവരെ അനുഗ്രഹിക്കുകയും തങ്ങളുടെ ആഗ്രഹം നിറവേറ്റാനുള്ള തുക ലഭിക്കുമെന്ന് പറയുകയും ചെയ്തു. 2 ഉറുപ്പികയ്ക്ക് ഒരു മുണ്ടു ലഭിച്ചിരുന്ന ആ കാലത്ത് ആയിരത്തിലധികം രൂപ പിരിഞ്ഞുകിട്ടുകയും അവരുടെ ആഗ്രഹം സഫലമാകുകയും ചെയ്തു.

**കുന്നംകുളത്തുകാരൻ ശ്രീ. കിടങ്ങൻ വീട്ടിൽ വർഗീസ് കുട്ടി പറയുന്നു**

തിരുമേനിയുടെ കാലഘട്ടത്തിൽ കുന്നംകുളത്ത് തലയ്ക്ക് സുഖമില്ലാത്ത ഒരു യൗവനക്കാരനുണ്ടായിരുന്നു. ചികിത്സാ സൗകര്യങ്ങൾ കുറവായിരുന്ന ആ കാലത്ത് തന്റെ മകനെ സൗഖ്യമാക്കണമെന്ന അഭ്യർത്ഥനയുമായി ഒരു അമ്മാമ്മ തിരുമേനിയുടെ മുൻപിൽ നിന്നു കരഞ്ഞു. വണ്ടിയിൽ കയറാൻ നേരം അമ്മാമ്മയോടായി തിരുമേനി പറഞ്ഞു. "ഒക്കെ സുഖമായിക്കൊള്ളും" എന്ന്. അമ്മാമ്മ വീട്ടിൽ ചെന്നപ്പോൾ പയ്യൻ ഉറങ്ങുകയായിരുന്നു. ഉണർന്നപ്പോൾ അവൻ ചോദിച്ചു. തന്നെ എന്തിനാണ് ചങ്ങലയ്ക്കിട്ടിരിക്കുന്നതെന്ന്. അവന് സൗഖ്യം വന്നു കഴിഞ്ഞിരുന്നു.

*കടപ്പാട്: പാമ്പാടി തിരുമേനി, പ്രൊഫ. കെ. എം. കുറിയാക്കോസ്.*

# വി. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച പള്ളി

(നാലാം പേജിൽ നിന്നും)

**വയസ്സിൽ രക്തസാക്ഷിമരണം പ്രാപിച്ച കുറിയാക്കോസ് സഹദായുടെ പേരിൽ ഇങ്ങനെ ചരിത്ര വിഡ്ഢിത്തരങ്ങൾ എഴുന്നള്ളിക്കുന്നത് ബാലനായ സഹദാ പോലും പൊറുക്കുകയില്ല നിശ്ചയം.**

ചാവക്കാട് പള്ളി (ഇന്ന് മാർത്തോമ്മായുടെ പാലയൂർ എന്ന് തെറ്റായി വിളിക്കപ്പെടുന്ന) എ. ഡി. നാലാം നൂറ്റാണ്ടിനു ശേഷമാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നതിനുള്ള മറ്റൊരു തെളിവ് താഴെ കൊടുക്കുന്നു.

എ. ഡി.. 1607 ൽ ചാവക്കാട് പള്ളി പുതുക്കിപ്പണിയുവാൻ ഇറ്റലിക്കാരൻ ഫെനിച്ചിയോയുടെ വിദേശ സാമ്പത്തിക സഹായ അഭ്യർത്ഥനയിൽ കുറിയാക്കോസ് സഹദായുടെ നാമത്തിലുള്ള പള്ളി പുതുക്കിപ്പണിയുവാനാണ് അഭ്യർത്ഥന നടത്തിയിരിക്കുന്നത്.

എ. ഡി. 1800 ൽ പോലും ഫ്രാൻസിസ് ബുക്കാനൻ ഇന്ന് പാലയൂർ പള്ളി എന്നു തെറ്റായി വിളിക്കുന്ന പള്ളിയെ ചാവക്കാട് പള്ളിയെന്നാണ് പറഞ്ഞിരിക്കുന്നത്.

കൂടാതെ മാർത്തോമ്മാ ശ്ലീഹാ വി. കന്യമറിയാമിന്റെ നാമത്തിലാണ് പള്ളികളെല്ലാം സ്ഥാപിച്ചിരിക്കുന്നത്. അതുകൊണ്ട് ചാവക്കാട് ഇന്ന് പാലയൂർ എന്ന പേരിൽ അറിയപ്പെടുന്ന പള്ളി മാർത്തോമ്മാ സ്ഥാപിച്ചത് എന്ന് പറയുന്നതിൽ തീർത്ഥാടന കച്ചവട താല്പര്യം മാത്രമാണ് നമുക്ക് ദർശിക്കാനാവുന്നത്.

മാർത്തോമ്മായുടെ പൈതൃകമുള്ള ചാട്ടുകുളങ്ങര - പാലൂർ - ആർത്താറ്റ് പള്ളി ശക്തൻ തമ്പുരാന്റെ പ്രസിദ്ധമായ നറുക്കെടുപ്പിലൂടെ നഷ്ടപ്പെട്ടപ്പോൾ തങ്ങളുടെ കൈവശമുള്ള ചാവക്കാട് പള്ളിക്ക് പാലയൂർ എന്ന് പേരിട്ട്, കുറിയാക്കോസ് സഹദായെയും ഒഴിപ്പിച്ചെടുത്ത് പുതിയതായി കെട്ടിപ്പൊക്കിയതാണ് ഇന്നത്തെ പാലയൂർ എന്നു വിളിക്കുന്ന പള്ളിയുടെ ഐതീഹ്യം.

കത്തോലിക്കാ ചരിത്രഗവേഷകനായ എൻ. കെ. ജോസ് ഈ കാര്യത്തിലേയ്ക്ക് അതിവിദഗ്ദ്ധമായി വിരൽ ചൂണ്ടുന്നു: "**പാലയൂരിലെ പള്ളിയുടെ സ്ഥാപകൻ മാർത്തോമ്മാശ്ലീഹായാണെന്ന പാരമ്പര്യത്തിന് തെളിവൊന്നുമില്ല. മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകത്തെച്ചൊല്ലി നിഷ്കളങ്കമായി അഭിമാനിക്കുന്ന പാലയൂർകാരോട് മർമ്മഭേദകമായ ഈ പരാമർശം പറയുവാൻ എനിക്ക് ബുദ്ധിമുട്ടുണ്ട്.**"

ഇതുപോലത്തെ ശക്തവും ബോധപൂർവ്വവുമായ പ്രചരണകലകളുടെ തന്ത്രങ്ങൾ ഇന്നും നമുക്ക് ദർശിക്കാനാവും. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ കന്യകമറിയാമിന്റെ നാമത്തിലുള്ള നിരണം പള്ളിക്കു സമീപം അതേ പേരിൽ പുതിയപള്ളി സ്ഥാപിക്കുക. എട്ടുനോമ്പിന് ഏറ്റവും പ്രസിദ്ധിയുള്ള മലങ്കരയുടെ മണിവിളക്കായ മണർകാട് പള്ളിക്ക് സമീപം കന്യകമറിയാമിന്റെ നാമത്തിൽ പുതിയ പള്ളി സ്ഥാപിക്കുക. കടമറ്റത്തു കത്തനാരെ സീരിയൽ വഴി പ്രസിദ്ധനാക്കിയിട്ട് കടമറ്റത്തു പള്ളിക്കു സമീപം കത്തോലിക്കാപള്ളി സ്ഥാപിക്കുക തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രം. സാധാരണക്കാർ ശ്രദ്ധിക്കപ്പെടാതെ കിടക്കുന്ന അനേക ഉദാഹരണങ്ങൾ ഇനിയും ഉണ്ടാകാം. ഇതൊക്കെ നമുക്കു പോലും വളരെ നിസ്സാരമായി തോന്നാമെങ്കിലും ഇന്ന് ജീവിച്ചിരിക്കുന്ന തലമുറ ഒന്നു നീങ്ങുമ്പോൾ കാര്യങ്ങൾ മാറ്റിയെഴുതും. ചരിത്രമല്ലേ. എങ്ങനെ വേണമെങ്കിലും പാശ്ചാത്യ മത കോളനിവത്ക്കരണക്കാർക്ക് തോന്നുന്നതുപോലെ വികൃതമാക്കാമല്ലോ.

**പിന്നീട് എന്നെങ്കിലും ഏതു നൂറ്റാണ്ടിലെങ്കിലും നിരണത്തെ മാർത്തോമ്മായുടെ പള്ളിയും മണർകാട് മാതാവിന്റെ പള്ളിയും കടമറ്റത്തു കത്തനാരുമായി ബന്ധപ്പെട്ട കടമറ്റം പള്ളിയും ചരിത്ര വിസ്മൃതിയിലാകുന്ന ഒരു കാലഘട്ടമുണ്ടെങ്കിൽ (അങ്ങനെ സംഭവിക്കാതിരിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.) അന്നുമുതൽ ഇപ്പോൾ പുതുതായി സ്ഥാപിച്ചിരിക്കുന്ന പള്ളികളാകും പിന്നീട് മാർത്തോമ്മാ ശ്ലീഹാ നിരണത്തു സ്ഥാപിച്ച പള്ളിയും എട്ടുനോമ്പിനു പ്രസിദ്ധിയുള്ള മണർകാട് പള്ളിയും കടമറ്റം പള്ളിയും.** പണ്ടുമുതലേ ഇവിടെ ഉണ്ടായിരുന്ന സെന്റ് തോമസ് ക്രിസ്ത്യാനികളെ പുത്തൻകൂറുകാർ എന്നു വിളിച്ചവർ ഇനിയും ചരിത്രമുറങ്ങുന്ന സിംഹാസനങ്ങളിൽ കയറിയിരുന്ന് നമ്മെ ഒരു പഴയ കൊരണ്ടിയുടെ മുകളിലേക്കു മാറ്റും. അതിന്റെ ആവശ്യമുണ്ടോ? ഇല്ലെങ്കിൽ മാർത്തോമ്മായുടെ മക്കളും അവരുടെ മെത്രാനും ഉണർന്നെഴുന്നേല്ക്കുക.

**മലങ്കരയുടെ ആത്മാഭിമാനത്തിന്റെ കറകളഞ്ഞ തെളിവായ ആർത്താറ്റ് പടിയോല – 200–ാം വാർഷികം**

ടിപ്പുവിന്റെ പടയാളികൾ അഗ്നിയ്ക്കിരയാക്കിയ മാർത്തോമ്മായുടെ ചാട്ടുകുളങ്ങര - പാലൂർ - ആർത്താറ്റു പള്ളി തീവെച്ചു നശിപ്പിച്ചപ്പോൾ ചാട്ടുകുളങ്ങര, ചെമ്മണ്ണൂർ കമ്പോളങ്ങളിലെ ജനങ്ങൾ കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളിലേക്ക് പലായനം ചെയ്തു. 1789 മുതൽ 16 വർഷം മേൽക്കൂരയില്ലാതെ അടച്ചുപൂട്ടിക്കിടന്ന ബൃഹത്ത് ദേവാലയം റോമ്മൻ കത്തോലിക്കരുമായുള്ള തർക്കമൊഴിഞ്ഞതിനെ തുടർന്ന് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ നേതൃത്വം നൽകി. പുതുതാക്കപ്പെട്ട പള്ളിയിൽ മലങ്കര മെത്രാൻ (6–ാം മാർത്തോമ്മാ) തന്നെ ആരാധന പുനരാരംഭിക്കണമെന്ന് മല്പാൻ ആഗ്രഹിച്ചു.

മലങ്കരയ്ക്ക് കൂച്ചുവിലങ്ങുകളുമായി വരുന്ന സകല വിദേശ മേധാവിത്വങ്ങളെയും ഒരുപോലെ തള്ളിപറയുന്ന പക്വതയിലേയ്ക്കും പൗരുഷത്വത്തിലേയ്ക്കും മലങ്കരസഭ എത്തിച്ചേരുവാൻ ആർത്താറ്റ് പടിയോല മെനഞ്ഞ അതിന്റെ ശില്പി പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ (പിന്നീട് ജോസഫ് മാർ ദീവന്നാസിയോസ് ഒന്നാമൻ മെത്രാപ്പോലീത്താ) പ്രകടമാക്കിയ ക്രാന്ത ദർശിത്വം പടിയോലയുടെ 200–ാം വർഷത്തിലും നമ്മെ പുളകിതരാക്കുന്ന അനുഭവമാണ്.

**ആർത്താറ്റ് പടിയോല**

*കൊല്ലം 981–മത് മകരം ഞായറ്റിൽ പുത്തൻകൂറ് സുറിയാനിക്കാരായ ആർത്താറ്റ് എടവകക്കാർ എല്ലാവരും കൂടി നമ്മുടെ വാവ ദീവന്നാസിയോസ് തിരുമുമ്പിൽ എഴുതിവച്ച പടിയോലയാവിത്:*

*നമ്മുടെ ജനങ്ങളിൽ ചിലർ പരദേശക്കാരുടെ എടത്തൂട് ഉപദേശം കേക്കയാൽ റോമ്മ വിച്ചാതത്തിലേക്കു തിരിഞ്ഞുപോയി വഴക്ക് പിടിച്ച് പള്ളിയും പറമ്പും പകുത്ത് നറുക്കിട്ട് എടുപ്പാൻ ഇടവന്നു. ആ ബന്ധം കൊണ്ട് വളരെ വ്യാകുലത്തിന് ഇടവന്നതിനാൽ, മേലാൽ അങ്ങനെ വരാതിരിപ്പാൻ വേണ്ടി, **റോമ്മായിൽ നിന്നോ ബാബേലിൽ നിന്നോ അന്തിയോഖ്യയിൽ നിന്നോ മറ്റു വല്ല പരദേശത്തു നിന്നോ** യാതൊരു മെത്രാന്മാരുടെ ഉപദേശവും നടപ്പുകളും ഒരുനാളും കേട്ടുവഴങ്ങി നടക്കാതെ നമ്മുടെ മാർത്തോമ്മാ ശ്ലീഹായുടെ പൂർവ്വിക വിശ്വാസവും ചട്ടങ്ങളും അനുസരിച്ച് നടന്നുകൊള്ളുമാറ് സമ്മതിച്ച് തമ്പുരാനെപ്പെറ്റ അമ്മയുടെ ആർത്താറ്റ് പള്ളി നടയിൽ വച്ച് എഴുതിയത്.*

*എന്ന്* ........................

**മാർത്തോമ്മായുടെ ആർത്താറ്റ് പള്ളിയും സ്വർണ്ണ മെഡലും**

ഇന്ത്യയിലെ സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രവും സാഹിത്യവും പഠനവിഷയമാക്കുക, ബൈബിൾ മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്യുക എന്നീ ഉദ്ദേശ്യങ്ങളോടു കൂടി 1806 ൽ മലങ്കര സന്ദർശിച്ച ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ ചാപ്ലെനായ ക്ലോഡിയസ് ബുക്കാനന്റെ Memories of Dr. Buchanon എന്ന ഗ്രന്ഥം ചാട്ടുകുളങ്ങര - ആർത്താറ്റ് - പാലൂർ പള്ളിയുടെ മലങ്കരയിലെ പ്രാധാന്യം വിളിച്ചോതുന്നതാണ്.

ചാട്ടുകുളങ്ങര പാലൂർ പള്ളിയുടെ പുനർനിർമ്മാണം പൂർത്തിയാക്കുകയും ആർത്താറ്റ് പടിയോലയ്ക്ക് രൂപം നൽകുകയും ചെയ്ത കാലമായിരുന്നു അത്. പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ പ്രാർത്ഥനാജീവിതവും പാണ്ഡിത്യവും ശില്പകലാ വിശാരദത്വവും ബുക്കാനൻ നേരിട്ടു കണ്ടു മനസ്സിലാക്കി.

മൈസൂർ സുൽത്താനായ ഹൈദർ അലിയെക്കൊണ്ട് നസ്രാണികളുടെ പട്ടണം എന്നു വിളിപ്പിച്ച കുന്നംകുളത്തിന്റെ നഗരസംവിധാനം ബുക്കാനിൽ വലിയ മതിപ്പുളവാക്കി.

മലങ്കരസഭയിലുള്ള പല പള്ളികളിലേക്കും ബുക്കാനൻ പോയിരുന്നുവെങ്കിലും അദ്ദേഹത്തെ ഇത്രമാത്രം കോരിത്തരിപ്പിച്ച മറ്റൊരു സന്ദർശനവുമില്ല. അതുകൊണ്ടാണല്ലോ **മലങ്കരയിലെ എല്ലാ പള്ളികളുടേയും നാമത്തിൽ ഒരു സുവർണ്ണ മെഡൽ (പത്താക്ക്) അദ്ദേഹം മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ ചാട്ടുകുളങ്ങര പാലൂർ ആർത്താറ്റ് പള്ളിക്ക് നല്കിയത്.** മാർത്തോമാശ്ലീഹായാൽ സ്ഥാപിതം എന്ന പ്രശസ്തിയും മലങ്കരയുടെ തലപ്പള്ളി എന്ന ബഹുമതിയും ഈ മെഡൽ സമർപ്പണത്തിലൂടെ അദ്ദേഹം അംഗീകരിക്കുകയായിരുന്നു.

മാർത്തോമായുടെ പട്ടണമായ കുന്നംകുളം മലങ്കരസഭയ്ക്ക് എന്നും എന്നും അഭിമാനിക്കാവുന്ന നഗരമാണ്. ടിപ്പുസുൽത്താന്റെ ആക്രമണം മൂലം നശിക്കപ്പെട്ട മാർത്തോമായുടെ ചാട്ടുകുളങ്ങര - പാലൂർ - ആർത്താറ്റ് പള്ളിയുടെ പുനർനിർമ്മാണത്തിന് ഉത്സാഹിക്കുകയും എല്ലാ വിദേശ മേൽക്കോയ്മകളേയും തള്ളിപ്പറയുന്ന മലങ്കരയുടെ അഭിമാനമായ ആർത്താറ്റ് പടിയോലയ്ക്ക് രൂപം നൽകുകയും മലങ്കരയുടെ പഠിത്തവീടായ സെമിനാരിയെന്ന (ഓർത്തഡോക്സ് സെമിനാരി, കോട്ടയം) സ്വപ്നം താലോലിച്ച് യാഥാർത്ഥ്യമാക്കിയ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് ഒന്നാമൻ തിരുമേനി കുന്നംകുളത്തിന്റെ ഉയിർത്തെഴുന്നേൽപ്പിന് അടിസ്ഥാനമിട്ടെങ്കിൽ അതിന് തക്കസമയത്ത് വെള്ളവും വെളിച്ചവും കൊടുത്ത് വളർത്തിയെടുക്കുന്നത് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമനാണ്. ജൂത പാരമ്പര്യമുള്ള ശിരസ്സിന്റെ ഉടമയായ പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ ദർശനങ്ങൾ ഇടവകപത്രികയെന്ന മാസികയായും, കേരളപതാക എന്ന ദ്വൈവാരികയായും സുറിയാനി സുവിശേഷൻ എന്ന ത്രൈമാസിക ആയും മലങ്കരയിൽ പുറത്തിറങ്ങി. കേരളത്തിലെ ആദ്യത്തെ കല്ലച്ച് പ്രസ്സ് കുന്നംകുളത്താണ് തിരുമേനി തുടങ്ങിയത്. 1863 ൽ കുന്നംകുളത്തു നിന്നു തിരുമേനി ആരംഭിച്ച ഊർശ്ലേമിലേക്കുള്ള യാത്രയുടെ വിവരണം നാളിതുവരെ സഹൃദയലോകത്തിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. മലയാളത്തിലെ രണ്ടാമത്തെ യാത്രാവിവരണ ഗ്രന്ഥം എന്ന ബഹുമതി ഇതിന് ലഭിക്കേണ്ടതാണ്. ആദ്ധ്യാത്മിക സാമൂഹ്യസാംസ്കാരിക മേഖലകളിലെ തിരുമേനിയുടെ സാന്നിദ്ധ്യത്തിന്റെ ഏതാനും ചില തെളിവുകളാണ് ജാതൈക്യപ്രസ്ഥാനം, മലങ്കരമഹാജനസഭ, എം. ഡി. സെമിനാരി, എം. ഡി. സ്കൂളുകൾ എന്നിവ.

**ഉപസംഹാരം**

പൊടിപടലം കൊണ്ട് മൂടപ്പെട്ടതും സൂര്യപ്രകാശം ഏല്ക്കാതെയും കിടന്നിരുന്ന പുരാതന മലങ്കരസഭയുടെ, വിശിഷ്യ കുന്നംകുളത്തിന്റെയും മാർത്തോമായുടെ ചാട്ടുകുളങ്ങര - പാലൂർ - ആർത്താറ്റ് പള്ളിയുടെയും ചരിത്രത്തിന്റെ പുനർവായന നടത്തുമ്പോൾ കുന്നംകുളത്തിന്റെ ബഹുവർണ്ണശോഭിതമായ മഹത്വം ആരൊക്കെ മറച്ചു വച്ചാലും മലങ്കര നസ്രാണികൾക്ക് മറക്കുവാനോ മറയ്ക്കുവാനോ കഴിയുകയില്ല.

**വി. കന്യക മറിയമമ്മയുടെ തിരുനാമത്തിലുള്ള മലങ്കരയുടെ തലപ്പള്ളിയായ ചാട്ടുകുളങ്ങര – പാലൂർ – ആർത്താറ്റ് പള്ളിയുടെ സ്ഥാപകനായ വി. മാർത്തോമ്മാ പിതാവിന്റെയും, ധീരദേശാഭിമാനികളായ രക്തസാക്ഷികളായ കുന്നംകുളം മക്കളുടേയും മലങ്കരസഭയുടെ ഉയിർത്തെഴുന്നേല്പിന്റെ സ്വപ്നക്കൂട് നെയ്തുകൂട്ടിയ ദാർശനികന്മാരായ രണ്ട് മലങ്കര മെത്രാപ്പോലീത്താമാരുടെയും മുമ്പിൽ നമുക്ക് ആദരവോടെ നമ്മുടെ നന്ദിയുടെ സ്തുതിപ്പുകൾ അർപ്പിക്കാം. മലങ്കരയുടെ ആമോദ ഗീതങ്ങൾ വാഴ്ത്തി പാടാം. എന്നെന്നേയ്ക്കും!.**

**അവലംബം:**

1. ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്കാരവും, റവ. ഡോ. ജോസഫ് ചീരൻ, അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ, കെ. വി. മാമ്മൻ കോട്ടയ്ക്കൽ
2. ലോഗന്റെ മലബാർ മാനുവൽ.
3. സ്നേഹയാത്ര – ഫെബ്രുവരി 2005.

# കുന്നംകുളം പെരുനാളുകൾ - സുവിശേഷം സംസ്കാരത്തിലൂടെ

കുന്നംകുളത്തെ പെരുനാളുകൾ യഥാർത്ഥത്തിൽ മഹത്തായ ഉത്സവങ്ങളാണ്. പെരുനാളുകളിൽ ഇവർ കലാപരമായ കൗതുകം ദർശിക്കുന്നു. ദേശത്തിന്റെ ഉത്സവമായി പെരുനാളുകൾ ആഘോഷിക്കുന്നു. എഴുപതോളം ആനകൾ പെരുനാളിന് അണിനിരക്കുന്നു, എന്നതിൽ തന്നെ കുന്നംകുളത്തുകാർ ഇതിന് എത്രത്തോളം പ്രാധാന്യം കൊടുക്കുന്നു എന്നതിന്റെ തെളിവാണ്. അൽപസ്വൽപ്പം ന്യൂനതകൾ ഉണ്ടെങ്കിൽ പോലും വർഗീയത തുടച്ചു നീക്കുന്നതിൽ ഈ പെരുനാളുകൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. അക്രൈസ്തവർക്കും പൂർണ്ണമനസ്സോടെ ദേശത്തിന്റെ പെരുനാളായി ക്രൈസ്തവരോടൊപ്പം ആഘോഷിക്കുന്നു. ഒരു മനസ്സായി അവർ പ്രവർത്തിക്കുന്നത് മറ്റുള്ളവർക്ക് മാതൃകയാണ്, പ്രചോദനവുമാണ്.

"പിണ്ടിപെരുനാൾ" ഉൾപ്പെടെ കുന്നംകുളത്തുകാരുടെ ആചാരങ്ങൾക്ക് ക്നനായക്കാരുമായി സാമ്യമുണ്ട്. കല്യാണം, കല്യാണ ഉറപ്പ് എന്നിവയും ഇവിടെ ആഘോഷം തന്നെ. കുന്നംകുളംകാർക്ക് മാത്രമായി ഒരു സംസ്കാരം തന്നെ ഉണ്ട്. വലിയ നോമ്പുകാലങ്ങളിൽ നടക്കുന്ന ഈ നമസ്കാരം "കൂടി നമസ്കാരം" എന്നറിയപ്പെടുന്നു. ഭയഭക്തിയോടെ പാട്ടും പ്രാർത്ഥനയുമായി നടത്തപ്പെടുന്ന കൂടി നമസ്കാരം ഇവർ ഇന്നും നടത്തുന്നു.

കുന്നംകുളംകാരെപ്പറ്റി നമുക്കറിയാവുന്നത് ഇത്രമാത്രം. ഇവർ ബിസിനസ്സ് ചെയ്യാൻ മിടുക്കൻമാരാണ്. ഡ്യൂപ്ലിക്കേറ്റ് ഉണ്ടാക്കാൻ സമർത്ഥരാണ്. ഏതൊരു വസ്തുവിന്റെയും ഡ്യൂപ്ലിക്കേറ്റ് കുന്നംകുളത്ത് ലഭിക്കും എന്നൊക്കെ സർദാർജി കഥകൾപോലെ, ഇവ സംബന്ധിച്ച് പല കുന്നംകുളം കഥകളും പ്രചാരത്തിലിരിക്കുന്നു. യഥാർത്ഥത്തിൽ ഇന്ന് കുന്നംകുളം സ്റ്റേഷനറി ചെല്ലാത്ത സ്ഥലമില്ല. സംസ്കാരവും പൈതൃകവും കാത്തുസൂക്ഷിക്കുന്നതിൽ മാത്രം കുന്നംകുളംകാരുടെ മിടുക്ക് ഒതുങ്ങി നിൽക്കുന്നില്ലെന്ന് നമുക്ക് മനസ്സിലാക്കാം.



- മക്കളെ, പ്രയാസപ്പെടുന്നവരെ സഹായിക്കണേ. പകവെച്ചുകൊണ്ടിരിക്കരുത്. എല്ലാവരേയും സ്നേഹിക്കണം. കേസും വഴക്കും നന്നല്ല.
- ഭർത്താക്കന്മാരേ! നിങ്ങൾ ഭക്ഷണം കഴിക്കുമ്പോൾ ഭാര്യമാരുടെ ഭക്ഷണക്കാര്യവും ഓർക്കണമേ. അവരെക്കുറിച്ചു നിങ്ങൾക്കു കരുതൽ ഉണ്ടായിരിക്കണം. അവർ ഭക്ഷണം കഴിക്കുന്നുണ്ടോ എന്നു നോക്കണം.
- കുഞ്ഞുങ്ങളേ! നിങ്ങൾ ദൈവത്തെ സ്നേഹിക്കണം. മാതാപിതാക്കളെ അനുസരിക്കണം. ഗുരുക്കന്മാരെ ബഹുമാനിക്കണം.
- വൈദികർ നല്ലവണ്ണം പ്രാർത്ഥിക്കണം. ആളുകളിൽ പ്രാർത്ഥനാശീലം വളർത്തണം. ഇക്കാര്യത്തിന് എവിടെയും ഊന്നൽ കൊടുക്കണം.
- പള്ളി ദൈവത്തിന്റെ ഭവനമാണ്. നാം പള്ളിയിൽ വിശുദ്ധിയിലും സത്യത്തിലും നീതിയിലും പ്രവർത്തിക്കണം. അപ്പോൾ ദൈവാനുഗ്രഹം ഉണ്ടാകും.
- വൈദികർ ദേവാലയത്തോടും അനുഷ്ഠാനങ്ങളോടും എപ്പോഴും ഭക്തിയുള്ളവരായിരിക്കണം.
- പള്ളിയുടെ മുതൽ ദുരുപയോഗം ചെയ്താൽ അയ്മേനിയെന്നല്ല, തിരുമേനിയായാലും ദൈവം വെറുതെ വിടുകയില്ല.
- ഓരോ വീടും ദൈവത്തിന്റെ ഭവനമാണെന്നോർത്തുകൊള്ളണം.

**– പാമ്പാടി തിരുമേനി**

# വി. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച പള്ളി പാലയൂരിലേതല്ല ആർത്താറ്റ് തന്നെ

അരുമനാഥന്റെ പ്രിയശിഷ്യനായ വി. മാർത്തോമാ ശ്ലീഹായാൽ സ്ഥാപിതമായ മലങ്കരസഭയുടെ ചരിത്രത്തിൽ അദ്വീതിയമായ സ്ഥാനമാണ് കുന്നംകുളം മണ്ണിനുള്ളത്. ഊർശ്ലേമിലും അന്ത്യോഖ്യയിലും റോമിലും ക്രിസ്തീയ വിശ്വാസം രൂപപ്പെട്ടിരുന്ന കാലങ്ങളിൽത്തന്നെ, അപ്പോസ്തോലിക പാരമ്പര്യമുള്ള ഒരു ക്രിസ്തീയസഭ കുന്നംകുളത്തും രൂപീകൃതമായിരുന്നു എന്നുള്ളത് മലങ്കരസഭ മക്കൾക്ക് അഭിമാനകരമാണ്.

**മാർത്തോമായുടെ തലപള്ളിയുടെ പട്ടണമെന്നും, യഹൂദജാതിയുടെ കോളനിയെന്നും, നസ്രാണികളുടെ നാടെന്നും, രക്തസാക്ഷികളുടെ നഗരമെന്നും, ഉദയംപേരൂർ സുന്നഹദോസ് ബഹിഷ്കരിച്ച ധീരദേശാഭിമാനികളുടെ ദേശമെന്നും, മലങ്കരയിലെ എല്ലാ പള്ളികളുടെയും പേരിൽ സ്വർണ്ണപതക്കം സമ്മാനിയ്ക്കപ്പെട്ട വിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ തമ്പുരാനെ പെറ്റ ഭാഗ്യവതിയായ മർത്തമറിയാം അമ്മയുടെ ദേവാലയ പട്ടണമെന്നും, മലങ്കര മക്കളുടെ ആത്മാഭിമാനത്തിന്റെ കറകളഞ്ഞ തെളിവായ ആർത്താറ്റ് പടിയോലയുടെ ജന്മഗൃഹമെന്നും വാഴ്ത്തപ്പെടുന്ന മലങ്കരയുടെ അതിശ്രേഷ്ഠാചര്യന്മാരായ രണ്ട് മലങ്കര മെത്രാപ്പോലീത്താന്മാരെ പ്രസവിച്ച ചരിത്രമുറങ്ങുന്ന കുന്നംകുളമേ "മലങ്കരയുടെ ഭാഗ്യനഗരം" എന്ന് ഞങ്ങൾ നിന്നെ പേർ വിളിച്ചു വാഴ്ത്തുന്നു.**

**മാർത്തോമ്മാ ശ്ലീഹാ കുരിശു സ്ഥാപിച്ചു, ബ്രാഹ്മണരിൽ നിന്ന് ക്രിസ്ത്യാനികളെ സ്നാനപ്പെടുത്തി എന്നുള്ളതിനെക്കുറിച്ച്**

മാർത്തോമ്മായുടെ സന്ദേശം യഹൂദന്മാരോ ബുദ്ധ - ജൈന മതാനുയായികളോ മറ്റു മതസ്ഥരോ ഗ്രഹിച്ച് അദ്ദേഹത്തിന്റെ അനുയായികളായി. അവർക്ക് ആരാധനാലയം പലയിടത്തും ഉണ്ടായിട്ടുണ്ടെങ്കിലും മാർത്തോമ്മാശ്ലീഹാ കുരിശു സ്ഥാപിച്ചു എന്നുള്ള അറിവ്, നമ്മുടെ ചരിത്രാവബോധത്തിന് നിരക്കുന്നതാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മശിഹായുടെ മരണം കുരിശിലായിരുന്നു എങ്കിലും കുരിശു ക്രിസ്തുമതാനുയായികളുടെ ആരാധനയുടെ കേന്ദ്രബിന്ദു ആകുന്നത് 4-ാം നൂറ്റാണ്ടിൽ കുസ്തന്തീനോസ് ചക്രവർത്തിയുടെ കാലത്താണ്.

അതുപോലെ തന്നെ മാർത്തോമ്മാശ്ലീഹാ ബ്രാഹ്മണരിൽ നിന്ന് മാനസാന്തരപ്പെടുത്തിയതാണ് ക്രിസ്ത്യാനികൾ എന്നുള്ള വാദവും ചരിത്രത്തിന് നിരക്കാത്തതാണ്. ക്രിസ്തുമതത്തിന്റെ വംശവും കുലവും കുലീനമാക്കുവാൻ ചരിത്രമെഴുതിയവർ ബ്രാഹ്മണ സമുദായത്തെ കേന്ദ്രീകരിച്ച് ചരിത്രം ഉണ്ടാക്കി. ചരിത്രത്തിന്റെ അർത്ഥപൂർണ്ണമായ പുനർവായന നടത്തുമ്പോൾ ഒന്നാം നൂറ്റാണ്ടിന് മുൻപ് ബുദ്ധ - ജൈന മതാനുയായികളും അതിനുശേഷം യഹൂദന്മാരും 4-ാം നൂറ്റാണ്ടിൽ ശൈവമതാനുയായികളും തുടർന്ന് മുഹമ്മദീയ മതവും അതിനുശേഷം ബ്രാഹ്മണരുമാണ് കേരളത്തിൽ എത്തുന്നത്. ബുദ്ധമത ഭരണക്രമത്തിൽ "തംബു ധീരന്മാർ" എന്നൊരു ഉദ്യോഗവർഗ്ഗമുണ്ടായിരുന്നുവെന്നു 'ഈഴവ ചരിത്രം' എന്ന പുസ്തകത്തിൽ കെ. ഒ. ദാമോദരൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തംബു ധീരരിൽ ഒരു വിഭാഗമാണ് ക്രിസ്തുമതം സ്വീകരിച്ച നമ്പൂതിരിമാർ (ബ്രാഹ്മണരല്ല) എന്നു ഐ. സി. ചാക്കോ അഭിപ്രായപ്പെട്ടിട്ടുണ്ട്. ബ്രാഹ്മണർ ഒന്നാം നൂറ്റാണ്ടിൽ കേരളത്തിൽ ഇല്ലായിരുന്നു എന്നുള്ളത് ചരിത്ര സത്യമാണ്. അതുകൊണ്ട് ബ്രാഹ്മണരിൽ നിന്നാണ് ക്രിസ്ത്യാനികളെ സ്നാനപ്പെടുത്തിയതെന്ന് അഭിമാനിച്ചുകൊണ്ട് ഇരിക്കുന്ന, ബ്രാഹ്മണന്മാരെ കുളത്തിലിറക്കി ചുറ്റും മതിലുകെട്ടി കാവലിരിക്കുന്ന, പല ക്രിസ്തീയ യജമാനന്മാർക്കും നമുക്ക് പഴയകഥ ഒന്നുകൂടെ പറഞ്ഞു കൊടുക്കാം.

**മാർത്തോമ്മായുടെ കാലത്തെ മലയാളക്കരയും പാലൂരിലെ ചാട്ടുകുളവും**

കേരളത്തിന്റെ പടിഞ്ഞാറൻ തീരത്തെ കായലുകളുടെ കിഴക്കെക്കര രണ്ടായിരം കൊല്ലം മുമ്പത്തെ മലയാളക്കരയുടെ കടൽക്കരയായിരുന്നു എന്നുള്ളത് രണ്ടായിരം വർഷം മുമ്പത്തെ മലയാളക്കരയുടെ ഭൂമിശാസ്ത്രപരമായ പശ്ചാത്തലത്തിന് വേണ്ട പ്രധാന തിരിച്ചറിവാണ്. ഇത് ഉൾക്കൊണ്ടു കൊണ്ട് കുന്നംകുളം ആർത്താറ്റ് പള്ളിയ്ക്ക് സമീപം ഇന്നും നിലനില്ക്കുന്ന ചാട്ടുകുളത്തിന്റെ ചരിത്രത്തെക്കുറിച്ച് ഒന്നു മനസ്സിലാക്കാം. 'ചാട്ടുകുളം' എന്നതിലെ ചാട്ട് എന്ന പദത്തിന്റെ അർത്ഥം വണ്ടി എന്നാണ്. പണ്ടു കാലങ്ങളിൽ വെള്ളം കോരാൻ ഉപയോഗിച്ചിരുന്ന മരകപ്പിയ്ക്ക് ചാട്ട് എന്ന് പറയുമായിരുന്നല്ലോ? അങ്ങനെ ചാട്ടുകുളത്തിനെ വണ്ടികുളമെന്നോ, ബോട്ടുകുളമെന്നോ വിളിക്കാം. അന്നത്തെ കാലത്ത് ജലഗതാഗതത്തിന് കൂടുതൽ പ്രാമുഖ്യമുണ്ടായിരുന്നതു കൊണ്ട് ജലവാഹനങ്ങളായ കപ്പലുകൾ, ഉരുക്കൾ, വഞ്ചികൾ എന്നിവയ്ക്ക് കരയുമായി ബന്ധപ്പെടാനുള്ള ജെട്ടിയോ തുറമുഖമോ ആയിരുന്നു ചാട്ടുകുളം. **ചാട്ടുകുളത്തിന്റെ കരയിൽ മാർത്തോമ്മാ ശ്ലീഹാ പള്ളി സ്ഥാപിച്ചു. അങ്ങനെയത് ചാട്ടുകുളങ്ങര പള്ളിയായി. പാലൂർ എന്നുള്ളത് കരയുടെ പേരായതിനാൽ ചാട്ടുകുളങ്ങര – പാലൂർ പള്ളിയെന്നും വിളിച്ചുപോന്നു.** ചാട്ടുകുളത്തിന്റെ കരയിൽ യൂദകുന്നിലാണ് പള്ളി സ്ഥാപിച്ചത്. അതുകൊണ്ട് കുന്നിന്റെയും കുളത്തിന്റെയും കരയിലുള്ള പള്ളി എന്ന രീതിയിൽ കുന്നംകുളങ്ങര പള്ളി എന്നു അതിനെ പേർ ചൊല്ലി വിളിച്ചിരുന്നു. ആർത്താറ്റ് എന്നുള്ള പേര് പിന്നീട് വന്നതാണ്. അതിനെ കുറിച്ചു ഈ ലേഖനത്തിൽ തുടർന്നു പ്രതിപാദിക്കുന്നുണ്ട്.

**യഹൂദ – ബുദ്ധ – ജൈന മതങ്ങളും മാർത്തോമ്മാശ്ലീഹായും**

എ. ഡി. ഒന്നാം നൂറ്റാണ്ടിന് മുൻപു തന്നെ യഹൂദന്മാർ കേരളത്തിൽ ഉണ്ടായിരുന്നു എന്നതിന് തെളിവുകൾ ഉണ്ടല്ലോ? കുന്നംകുളത്തെ യൂദക്കുന്നും മറ്റം കോളനിയും ഉദാഹരണങ്ങൾ ആണ്. യഹൂദ സിന്നഗോഗുകളാകാം പിന്നീട് ക്രിസ്ത്യൻ പള്ളികളായി രൂപാന്തരം പ്രാപിച്ചത്.



മാർത്തോമ്മാ ശ്ലീഹാ കേരളത്തിൽ വന്നപ്പോൾ 15-ാം ചേരമാൻ പെരുമാളായ രാജരാജേശ്വരന്റെ ഭരണകാലമായിരുന്നു. **മാർത്തോമ്മാശ്ലീഹായുടെ അതീവ ലളിതമായ ക്രിസ്തീയ സന്ദേശങ്ങൾ സ്വീകരിച്ച് ഒരു വലിയ വിഭാഗം ക്രിസ്തുമതാനുയായികളായി തീർന്നു. അതിൽ യഹൂദന്മാരും ബുദ്ധ – ജൈന മതാനുയായികളും ഉണ്ടാകാം. യഹൂദന്മാർ സിന്നഗോഗുകൾ നിർമ്മിച്ച് ആരാധിച്ച് വരുമ്പോൾ ആ പാരമ്പര്യത്തിന്റെ സൃഷ്ടിയായിരുന്ന മാർത്തോമ്മാശ്ലീഹാ അവരെ കാണാനായി ചാട്ടുകുളങ്ങര പാലൂർ യൂദക്കുന്നിൽ വരികയും തുടർന്ന് സിന്നഗോഗ് ക്രിസ്ത്യൻ പള്ളി ആയി തീർന്നതുമാണ് ഇന്നത്തെ ആർത്താറ്റ് പള്ളി.** ചാട്ടുകുളങ്ങര - പാലൂർ - ആർത്താറ്റ് പള്ളിയുടെ മദ്ബഹാ ശ്രദ്ധിച്ചു നോക്കുക. ഒരു മുൻ കൂടാരവും ഒരു അതിവിശുദ്ധ കൂടാരവും ഉണ്ടതിന്. ഇത് യഹൂദസിന്നഗോഗിന്റെ പൂർണ്ണലക്ഷണമാണ്.

**ഉദയംപേരൂർ സുന്നഹദോസ് ബഹിഷ്കരിച്ച കുന്നംകുളം നസ്രാണികൾ**

അധികാരപ്രമത്തനായി, മനുഷ്യത്വഹീന പ്രവൃത്തികൾ ചെയ്യിച്ച 35 കാരനായ പോർട്ടുഗീസ് കത്തോലിക്കാ ആർച്ച്ബിഷപ്പിന്റെ ഉദയംപേരൂർ സുന്നഹദോസിൽ പങ്കെടുക്കാതെ ഇറങ്ങിപോന്നവരാണ് ചാട്ടുകുളങ്ങര - പാലൂർ - ആർത്താറ്റ് പള്ളിക്കാർ. ധീരദേശാഭിമാനികളായ ഈ നസ്രാണികൾ സുന്നഹദോസിൽ പങ്കെടുക്കാൻ പോയെങ്കിലും പത്തീറാ വച്ച് കുർബാന ചൊല്ലണമെന്നും, വിഗ്രഹങ്ങൾ ഉണ്ടാക്കി പള്ളിയിൽ വയ്ക്കണമെന്നും, പെണ്ണുകെട്ടിയ കത്തനാരന്മാർ പെണ്ണിനേയോ, കത്തനാരുടെ മക്കളുടെ അമ്മയേയോ, കൊച്ചുമക്കളുടെ അമ്മൂമ്മയെയോ പറഞ്ഞു വീട്ടിൽ വിടണമെന്നുമുള്ള നിബന്ധനകൾ അടങ്ങിയ കാനോനാ വായന കഴിഞ്ഞ് ഒപ്പിടാൻ നേരം അല്ലെങ്കിൽ ശുദ്ധമാന പുസ്തകത്തിൽ മുത്താൻനേരം അവർക്ക് മനസ്സിലായി, നമ്മേ എന്നെന്നേയ്ക്കുമായി റോമ്മിലെ പാപ്പായുടെ കീഴിൽ അടിയറ വയ്ക്കാനുള്ള അടവാണെന്ന്. അവർ മാർത്തോമ്മായുടെ പൊന്നുമക്കൾ - എന്റെ കുന്നംകുളം മക്കൾ എന്നു പാമ്പാടി പുണ്യവാൻ പിന്നീട് പേർ ചൊല്ലി വിളിച്ചവർ - തിരിച്ചിറങ്ങി പോർട്ടുഗീസ് പടയാളികളുടേയും കൊച്ചിരാജാവിന്റെ കിങ്കരന്മാരുടേയും കൺമുമ്പിലൂടെ സുന്നഹദോസിനെ എതിർത്ത് ഇറങ്ങിപ്പോന്നു. എതിർക്കുക എന്നുള്ളതിന് അന്ന് അയർക്കുക എന്ന് അർത്ഥമുണ്ടായിരുന്നു. അതുപോലെ കൊച്ചി രാജ്യത്തിന്റെ വടക്കെ അറ്റത്തുള്ള പള്ളിക്കാരായിരുന്നു അവർ. അങ്ങനെ ചാട്ടുകുളങ്ങര - പാലൂർ ഇടവക്കാർ അയർത്ത അറ്റത്തെ പള്ളിക്കാരും പിന്നീട് അത് പറഞ്ഞ് പറഞ്ഞ് ആർത്താറ്റ് പള്ളിക്കാരുമായി.

**രക്തസാക്ഷികളുടെ നഗരം**

18-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ മൈസൂർ സുൽത്താനായ ടിപ്പു തിരുവിതാംകൂർ പിടിച്ചടക്കുവാനായി നടത്തിയ പടയോട്ടത്തിന്റെ നാളുകളിലേയ്ക്കു ഒന്നു കണ്ണോടിക്കാം. 1789 ൽ കുന്നംകുളത്ത് എത്തിയ ടിപ്പു ചാട്ടുകുളങ്ങര - പാലൂർ ആർത്താറ്റ് പള്ളി അഗ്നിയ്ക്ക് ഇരയാക്കി. കണ്ണിൽ കണ്ടവരെയൊക്കെ നിർദയമായി കശാപ്പു ചെയ്യുന്ന 30000 ക്രൂരന്മാർ മുമ്പിലും അതിന് പിന്നിൽ ആനപ്പുറത്ത് ടിപ്പു. അതിനു പിറകെ 30000 വരുന്ന കാലാൾപ്പട. ടിപ്പുവിന്റെ കുന്നംകുളംകാരോടുള്ള പെരുമാറ്റം അങ്ങേയറ്റം പൈശാചികമായിരുന്നു. അമ്മമാരെ കഴുവിൽ കേറ്റി കൊല്ലുകയും കൈക്കുഞ്ഞുങ്ങളെ അവരുടെ കഴുത്തിൽ കെട്ടി ഞാത്തുകയും ചെയ്തു. ആർത്താറ്റുള്ള വൃക്ഷശിഖരങ്ങളിൽ ജനങ്ങളെ കൂട്ടായി കെട്ടിത്തൂക്കി കൊന്നു. ആ ക്രൂരനായ സുൽത്താൻ ആനകളുടെ കാലിന് കെട്ടി നഗരാക്കിയ ക്രിസ്ത്യാനികളെയും ഹിന്ദുക്കളെയും അവയവങ്ങൾ ചിന്തിപോകുന്നതു വരെ അങ്ങോട്ടും ഇങ്ങോട്ടും വലിപ്പിച്ചു. ഹൈന്ദവ - ക്രൈസ്തവ സ്ത്രീകളെ മുസ്ലീങ്ങളെക്കൊണ്ടു നിർബന്ധമായി വിവാഹം കഴിപ്പിച്ചു. ഭാഗ്യവശാൽ രക്ഷപെട്ടുപോന്നവരായ ക്രിസ്ത്യാനികളോടും ഹിന്ദുക്കളോടും നേരിട്ട് സംസാരിച്ച്, പൗലീനോഡിസൺ ബർത്തലോമ്യ എന്ന പാശ്ചാത്യ വൈദികൻ എഴുതിയ A Voyage to the East Indies എന്ന ഗ്രന്ഥത്തിൽ നിഷ്ഠൂരമായ രീതിയിൽ ഹിന്ദുക്കളെയും ക്രിസ്ത്യാനികളെയും കൊന്നൊടുക്കിയ ടിപ്പു സുൽത്താനെക്കുറിച്ചു പ്രസ്താവിക്കുന്നുണ്ട്.

ആദിമ നൂറ്റാണ്ടിൽ മാത്രമേ ക്രൈസ്തവർക്ക് പീഡ ഏൽക്കേണ്ടി വന്നിട്ടുള്ളന്നല്ലേ നാമൊക്കെ കേട്ടിരിക്കുന്നത്. എന്നാൽ കുന്നംകുളത്തിന് ഏറ്റ ഈ മുറിവുകളെ ക്കുറിച്ച് ഒന്നു ചിന്തിച്ചുനോക്കൂ. **ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ രക്തസാക്ഷികളുടെ നഗരം (ദീത്തൊദ് – സൊഹദെ) എന്ന വിശേഷണം നൽകി ബഹുമാനിക്കേണ്ട ഏക നഗരമാണു കുന്നംകുളം. മലങ്കരയുടെ രക്തസാക്ഷികളായ ഈ മക്കളെ നാം എവിടെ എങ്കിലും ഓർക്കാറുണ്ടോ? നന്ദികേടല്ലേ നാം കാണിച്ചുകൊണ്ടിരിക്കുന്നത്. കുന്നംകുളത്തിനേറ്റ ഈ പങ്കപാടുകൾ നന്ദിയോടെ സ്മരിക്കുവാൻ സഭാനേതൃത്വവും സഭാമക്കളും തയ്യാറാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.**

**ഫ്രാൻസിസ് ബുക്കാനന്റെ ആർത്താറ്റു പള്ളി സന്ദർശനവും പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും**

എ. ഡി. 1800 -ൽ ഗവർണ്ണർ ജനറൽ വെല്ലസ്ലി ടിപ്പുവിന്റെ പടയോട്ടത്തിനു ശേഷം ബ്രിട്ടീഷ് മലബാറിലെ ജനങ്ങളുടെ ആചാരം, വാണിജ്യം, കൃഷി, കല, ചരിത്രം, ഭൂമിശാസ്ത്രം എന്നീ കാര്യങ്ങളെക്കുറിച്ച് വിശദമായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ച ഡോ. ഫ്രാൻസിസ് ബുക്കാനൻ തന്റെ A Journey from Madras, through Mysore, Canara and Malabar എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു:

*"മലബാറിൽ ധാരാളം ക്രിസ്ത്യാനികൾ ഉണ്ട്. അവരിൽ പല വിഭാഗങ്ങൾ ഉണ്ട്. കുന്നംകുളത്തു വെച്ച് സെന്റ് തോമസ് ക്രിസ്ത്യാനികളുടെ വിഭാഗത്തിൽപെട്ട ഒരു പാപ്പായുമായി (പുരോഹിതനുമായി) സംസാരിച്ചു. ഒരു ശിഷ്യനുമൊന്നിച്ചാണ് അദ്ദേഹം എന്നെ കാണാൻ വന്നത്. നീലനിറത്തിലുള്ള ഒരു ളോഹയാണ് കത്തനാർ ധരിച്ചിരുന്നത്. പക്വത വന്ന ആ മതപണ്ഡിതനെ അനുയായികളെല്ലാം അതിരറ്റു ബഹുമാനിക്കുന്നുണ്ട്. അദ്ദേഹത്തിന് ജൂതന്മാരുടെ ശരീരപ്രകൃതിയാണ്. അദ്ദേഹത്തിന്റെ മുൻഗാമികൾ നൂറ്റാണ്ടുകളായി ഇവിടെ ജീവിച്ചുപോന്നവരാണെങ്കിലും ശരീരപ്രകൃതിയ്ക്ക് മാറ്റം വന്നിട്ടില്ല. എന്നാൽ അദ്ദേഹത്തിന്റെ അനുയായികളിൽ ഈ രൂപ സാദൃശ്യം കാണുന്നില്ല. അവർ അധികം നാട്ടുകാരിൽ നിന്നും മതപരിവർത്തനം ചെയ്തിട്ടുള്ളവരാണ്. ശരീരപ്രകൃതി അതു വ്യക്തമാക്കുന്നുണ്ട്. പുരോഹിതന്മാരെല്ലാം ഇവിടെ ജനിച്ചു വളർന്നവരാണ്. മതപഠനം നടത്തുന്നതു ഇവിടെ വച്ചു തന്നെയാണ്.*

*പള്ളിയിലെ മതപരമായ ചടങ്ങുകൾ സുറിയാനിയിലും പ്രസംഗം മലയാളത്തിലുമാണ്. ഇവരുടെ പള്ളികളിൽ വിഗ്രഹങ്ങളോ പടങ്ങളോ ഇല്ല. കുരിശിനെ മാത്രമാണ് ആരാധിക്കുന്നത്. പുരോഹിതന്മാർക്ക് വിവാഹം കഴിക്കാം. എന്നാൽ ബ്രഹ്മചര്യം അനുഷ്ഠിക്കുന്നവരാണ് അധികവും. എന്നെ സന്ദർശിച്ച പുരോഹിതൻ അത്തരത്തിൽപ്പെട്ട ആളാണ്. അദ്ദേഹം സസ്യഭുക്കാണ്.*

*തിരുവിതാംകൂറിലെ മതമേലദ്ധ്യക്ഷന്റെ പക്കൽ സെന്റ് തോമസിന്റെ കാലം മുതൽ ഇന്നു വരേയുള്ള എല്ലാ മുൻഗാമികളുടെയും സുദീർഘമായ പട്ടികയുണ്ട്. വിവിധ കാലങ്ങളിൽ ഏല്ക്കേണ്ടിവന്നിട്ടുള്ള പീഡനങ്ങളുടെ ചരിത്രം അദ്ദേഹം സൂക്ഷിച്ചുവച്ചിട്ടുണ്ട്.*

*വൈകുന്നേരം ക്രിസ്ത്യാനികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ സന്ദർശിച്ചു. പള്ളിയ്ക്കു ചുറ്റുമായി അടുത്തടുത്ത് വൃത്തിയും ഒതുക്കവുമുള്ള കൊച്ചു കൊച്ചു ഭവനങ്ങളിലാണ് അവർ താമസിക്കുന്നത്. ഭാരതത്തിലെ പട്ടണങ്ങളുടെ നിലവാരം വച്ചു നോക്കിയാൽ ഇവിടം വളരെ ഭംഗിയായി സംവിധാനം ചെയ്തിട്ടുള്ളതാണെന്നും വൃത്തിയുള്ളതെന്നും പറയാം. അവിടുത്തെ പ്രധാന പള്ളിയിൽ പോയി. വളരെ പഴക്കമുള്ള പള്ളി വളരെ ഉയർന്ന സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. അതിന്റെ ഭിത്തികളും അൾത്താരയും മതിലുകളും എല്ലാം ചളിയും കളിമണ്ണും കൊണ്ടാണ് പണിതിട്ടുള്ളതെങ്കിലും ഉറപ്പിനോ പുതുമയ്ക്കോ യാതൊരു കോട്ടവും തട്ടിയിട്ടില്ല. മേല്പുരയ്ക്കു കേടുവന്നിട്ടുണ്ട്.*

*ഇവിടെ നിന്നു ഞങ്ങൾ ചാവക്കാട്ടേയ്ക്കു പോയി. പട്ടണം വളരെ ചെറുതാണ്. താമസിക്കുന്നവർ പ്രധാനമായും നസ്രാണികളും മാപ്പിളമാരുമാണ്. കുന്നംകുളങ്ങര എന്ന നസ്രാണികളുടെ പട്ടണത്തിന്റെ കീഴിലാണ് ഇവിടുത്തെ തുറമുഖം....... ചാവക്കാട്ടുള്ള നസ്രാണികളുടെ പാപ്പാ എന്നെ വന്നു കണ്ടു......*

മലങ്കരയുടെ മല്പാനും കുന്നംകുളം ക്രിസ്ത്യാനികളുടെ അന്നത്തെ അനിഷേധ്യനായ നായകനുമായ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനെയാണു ബുക്കാനൻ കണ്ടത്. തിരുവിതാംകൂറിലെ മേലദ്ധ്യക്ഷൻ എന്നു പറഞ്ഞിരിക്കുന്നത് 6-ാം മാർത്തോമ്മായായ വലിയ മാർ ദീവന്നാസിയോസിനെയാണ്. കുന്നംകുളത്തെ അങ്ങാടികളെക്കുറിച്ചും മാർത്തോമ്മായുടെ ചാട്ടുകുളങ്ങര - പാലൂർ - ആർത്താറ്റു പള്ളിയെക്കുറിച്ചും വിശദീകരിക്കുന്നു. ടിപ്പു അഗ്നിക്കിരയാക്കിയ പള്ളി ആ അവസ്ഥയിലാണു ബുക്കാനൻ കാണുന്നത്. 11 വർഷം മഴനനഞ്ഞ് മേൽക്കൂര കേടുവന്ന ആ പള്ളി പുതിയതും പ്രൗഢിയുള്ളതുമായി ആ വിദേശിക്കു തോന്നി.

**ചാവക്കാട് പള്ളി എങ്ങനെ പാലയൂർ പള്ളി ആക്കപ്പെട്ടു**

1800 ൽ ചാവക്കാട്ട് പള്ളി ഇരുന്ന സ്ഥലം ചാവക്കാട് എന്നാണ് അറിയപ്പെട്ടിരുന്നതെങ്കിലും ഇന്ന് പാലയൂർ എന്നാണ് അറിയപ്പെടുന്നത്. തന്മൂലം 1800 നു ശേഷമാണ് ചാവക്കാട് പള്ളിയ്ക്ക് പാലയൂർ പള്ളി എന്ന പേർ ചാർത്തപ്പെട്ടതും സെന്റ് തോമസ് ബന്ധം ആരോപിക്കപ്പെട്ടതും എന്നു മനസ്സിലാക്കാം. ഒന്നാം നൂറ്റാണ്ടിൽ ജിവിച്ചിരുന്ന മാർത്തോമ്മാശ്ലീഹാ നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സെന്റ്. കുറിയാക്കോസ് സഹദായുടെ നാമത്തിൽ ദേവാലയം സ്ഥാപിച്ചു എന്ന് ചരിത്രത്തിന് നിരക്കാത്ത വാദം ബാലന്മാർ പോലും ഇതെന്ത് തലതിരിഞ്ഞ ഏർപ്പാട് എന്ന് പറഞ്ഞ് നിരസ്സിക്കുമെന്നതിന് സംശയമൊന്നുമില്ലല്ലോ. **മൂന്നാം**

**(ശേഷം മൂന്നാം പേജിൽ)**

Published by Jomin K. Joice on behalf of Sehion OCYM, Kothala, Editor: Albin Shaji. Printed at Sophia Print House, Kottayam Mob: 99471 20697